# പരി. ലാസലെറ്റ് മാതാവിന്റെ 175-ാം പ്രത്യക്ഷികരണതിരുനാളിന് ഒരുക്കമായ ധ്യാന പ്രാർത്ഥനാ കർമ്മം.

## ഏപ്രിൽ 2021

**നിർദ്ദേശങ്ങൾ:-**

(കുടുംബാംഗങ്ങളെല്ലാവരും പ്രാർത്ഥനാമുറിയിൽ ഒന്നു ചേരുന്നു. മാതാവിന്റെ തിരുസ്വരൂപം/ചിത്രം അലങ്കരിച്ച്, മുമ്പിൽ മെഴുകുതിരി കത്തിച്ചു വെയ്ക്കാം. പ്രാർത്ഥനകളും വായനകളും കുടുംബനാഥനോ അല്ലെങ്കിൽ കുടുംബാഗങ്ങളിൽ മറ്റൊരാളോ നയിക്കാം. ഈ പ്രാർത്ഥനാ ശുശ്രൂഷ ഈ മാസത്തിലെ 19-ാം തിയ്യതി കുടുംബപ്രാർത്ഥനയോടു ചേർത്ത് നടത്തുന്നതാണ് ഉത്തമം.)

### പ്രാരംഭഗാനം

പരിശുദ്ധാത്മാവേ.....

ലീഡർ 1. സ്വർഗ്ഗ 3 നൻമ 1. ത്രിത്വ

### പ്രാരംഭ പ്രാർത്ഥന

ലീഡർ നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈക ദൈവമേ. അങ്ങേ സ്നേഹ സന്ദേശവുമായി പരി. മാതാവ് ലാസലെറ്റ് മലയിൽ പ്രത്യക്ഷയായതിന്റെ 175-ാം തിരുന്നാളിനൊരുങ്ങുന്ന ഞങ്ങളെ അനുഗ്രഹിക്കണമേ. ലാസലെറ്റ് മാതാവിന്റെ അനുരഞ്ജന സന്ദേശം ഉൾകൊണ്ടു കൊണ്ട് വ്യക്തി ജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും പരിവർത്തനം വരുത്തുവാൻ ഞങ്ങളെ സഹായിക്കണമേ. ജൂബിലി വർഷത്തിനൊരുക്കമായി വൈദികരിലും സമർപ്പിതരിലും സമർപ്പിതാർത്ഥികളിലും അത്മായ കൂട്ടായ്മകളിലും നടക്കുന്ന ഭൗതികവും അത്മീയവുമായ എല്ലാ സംരംഭങ്ങളെയും അങ്ങ് സമൃദ്ധമായി അനുഗ്രഹിക്കണമേ. പരി. അമ്മ ആഹ്വാനം ചെയ്തതുപോലെ പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരും പരിത്യാഗ പ്രാശ്ചിത പ്രവർത്തനങ്ങളിൽ ഉൽസുകരും ജീവിതത്തിൽ ക്രിസ്തുവിന്റെ തീക്ഷണ യോദ്ധാക്കളുമാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റേയും നാഥാ എന്നേക്കും.

ആമ്മേൻ

### വചനവായന

അപ്പ. പ്രവർത്തനങ്ങൾ 26, 12-18

### ധ്യാനചിന്തകൾ:- ''ഇരുമ്പാണിമേൽ തൊഴിക്കുന്നത് നിനക്ക് അപകടമാണ്.''

''ശത്രുവിനെ സ്നേഹിക്കണം'' എന്ന് ക്രിസ്തു വ്യക്തമായി പഠിപ്പിച്ചത് മലമുകളിലെ പ്രസംഗത്തിലോ, കടൽ തീരത്ത് വഞ്ചിയിലിരുന്നോ, പുൽമേട്ടിൽ അപ്പം വർദ്ധിപ്പിച്ച് നൽകിയതിനുശേഷമോ അല്ല, കുരിശിന്റെ വിരിമാറിൽ മരണത്തിനായി ഒരുങ്ങുമ്പോൾ, താഴെ ഇനിയും പരിഹാസമടക്കാത്തവർക്കുവേണ്ടി പ്രാർത്ഥിച്ചും, ജൻമനാ ഒറ്റക്കണ്ണനായി പിറന്നവനെ, തന്റെ അവസാന തുള്ളി രക്തത്താൽ സുഖപ്പെടുത്തിയുമാണ്. ''ശത്രുവിനെ സ്നേഹിക്കുന്നവൻ അവന്റെ ശിരസ്സിൽ

സ്നേഹത്തിന്റെ കനൽ കൂട്ടിവെക്കുന്നു'' എന്ന് പൗലോസ് അപ്പസ്തോലൻ തന്റെ ജീവിതത്തെയും ആദിമസഭയിലെ അനേകം വ്യക്തികളുടെ ജീവിതങ്ങളെയും സാക്ഷിനിർത്തി റോമാസഭയെ പഠിപ്പിക്കുന്നതാണ് (റോമ 12, 20). കുരിശിന് താഴെ നിന്ന് ആദ്യം സുവിശേഷ പ്രഘോഷണം നടത്തിയത് രാത്രിയും പകലും അവന്റെ കൂടെ നടന്നിരുന്ന യോഹന്നാനോ, അവനെ ജീവനുതുല്യം സ്നേഹിച്ചിരുന്ന മഗ്ദലേന മറിയമോ അല്ല, രാത്രി മുതൽ കുരിശുമരണംവരെ അവൻ ഏറ്റ കൊടിയ പീഢനങ്ങൾക്കു നേതൃത്വം കൊടുത്ത ശതാധിപനാണ് (മാർക്കോ 15, 39). 'എന്താണ് ക്രിസ്തുമതം' എന്നു ചോദിച്ചാൽ ലോകം ഇന്നും ഉത്തരം തെരയുന്നത് കുരിശിലാണ്. തന്നെ സ്നേഹിക്കുന്നവരെ തിരിച്ചു സ്നേഹിക്കാൻ ആർക്കും സാധിക്കുമെന്നും, എന്നാൽ തന്നിലേക്കു തിരിയാത്ത ദുഷ്ടന്റെ മേലും ഒരിക്കലും തന്നിൽനിന്നും തിരിയാത്ത ശിഷ്ടന്റെ മേലും മഴയും വെയ്ലും വേർതിരിവുകളില്ലാതെ വർഷിക്കുന്നവനാണ് ദൈവം. അവന്റെ മകനും മകളും തന്നെ ദ്രോഹിക്കുകയും തന്റെ നാശം കാണാൻ ആഗ്രഹിക്കുകയും ചെയ്യുന്നവന്റെ വഴികളിലെ കല്ലും മുള്ളും പോലും പെറുക്കിമാറ്റി അവരെ സ്നേഹിക്കാൻ പഠിക്കുമ്പോഴാണ് തന്റെ അനുഗാമിയാകുന്നുള്ളു എന്ന് ഈശോ പഠിപ്പിക്കുന്നു.

ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനം, ഒരു രാജ്യമായി കാനാൻ ദേശത്ത് ജീവിക്കുന്ന കാലഘട്ടം മുതൽ ഏതാണ്ട് ഈ കാലഘട്ടം വരെ യുദ്ധങ്ങളുടെയും പിടിച്ചടക്കലുകളുടെയും കരിനിഴലിലാണ് കഴിയുന്നത്. ഇസ്രയേലിൽ എലീഷ പ്രവാചകൻ പ്രധാന പ്രവാചകനായിരുന്ന കാലഘട്ടത്തിൽ, സിറിയാ രാജാവ് പല തവണ ഇസ്രയേലിനെ ആക്രമിക്കാൻ പദ്ധതിയിട്ടു. എന്നാൽ എല്ലാ പ്രാവശ്യവും പ്രവാചകന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് നീങ്ങിയ ഇസ്രയേൽ സൈന്യം, സിറിയാ സൈന്യത്തെ അതിർത്തി കടത്താതെ തോൽപ്പിച്ചു മടക്കി. സൈനികരഹസ്യങ്ങളെ മറുപക്ഷത്തെത്തിക്കുന്ന ഒരു ഒറ്റുകാരൻ തങ്ങളിൽ ഉണ്ടെന്ന് കരുതുന്ന സിറിയ രാജാവിനെ അതിനു കാരണക്കാരൻ സിറിയയിലെ ഒരുവനല്ലെന്നും ഇസ്രായേലിലെ പ്രവാചകൻ എലീഷായാണെന്നും സൈന്യം അറിയിക്കുന്നു. ഇനി യുദ്ധത്തിനൊരുങ്ങുന്നതിനു മുമ്പ് പ്രവാചകന്റെ കഥകഴിക്കാൻ രാജാവിന്റെ സൈന്യം പുറപ്പെടുന്നു, അവർ പ്രഭാതത്തിൽ പ്രവാചകൻ കഴിയുന്ന മലയുടെ താഴ്‌വാരത്തിൽ സർവ്വ സൈന്യസമേതം തമ്പടിക്കുന്നു. പ്രഭാതത്തിൽ വീടിനു പുറത്തു വന്ന പ്രവാചകന്റെ ഭൃത്യൻ –ഗഹസി– സൈന്യത്തെ കണ്ട് ഭയന്ന് അകത്തുകടന്ന് എലീഷായെ വിവരം അറിയിച്ചു. ഭൃത്യന്റെ ഭയം കണ്ടു പ്രവാചകൻ ഒരിക്കൽ കൂടി പുറത്തുപോയി നോക്കാൻ ആവശ്യപ്പെടുന്നു. തങ്ങളെ ഇല്ലാതാക്കാൻ വന്ന സൈന്യത്തിന്റെ ചുറ്റിലും തങ്ങളുടെ സംരക്ഷണത്തിനായി സ്വർഗ്ഗസൈന്യവും അഗ്നേയ രഥങ്ങളും കണ്ട ഗഹസി സമാധാനത്തോടെ തിരിച്ച് വീട്ടിൽ കയറി. പ്രവാചകൻ താഴേക്ക് തിരിച്ചു, അവൻ കൈകളുയർത്തി അത്യുന്നതനായ ദൈവത്തോട് അവരുടെ കണ്ണുകളെ മൂടാൻ പ്രാർത്ഥിച്ചു. പിന്നീട് അവരുടെ അടുത്തെത്തി എവിടേക്കാണ്, ആരെയാണ് അന്വേഷിക്കുന്നത് എന്ന് ചോദിച്ചു. അവർക്ക് പ്രവാചകനെ മനസിലായില്ല. അവർ പ്രവാചകനെ അന്വേഷിച്ചാണ് വന്നത് എന്ന വിവരം അറിയിച്ചു. പ്രവാചകന്റെ അടുത്തേക്ക് കൊണ്ടുപോകാം എന്നു പറഞ്ഞ് എലീഷാ അവരെ ഇസ്രായേൽ കൂടാരങ്ങളുടെ മദ്ധ്യത്തിലേക്ക് കൊണ്ടുപോയി. തങ്ങളുടെ ശത്രുക്കളെ കണ്ട് ഇസ്രയേൽക്കാർ കൈയ്യിൽ കിട്ടിയ എല്ലാ ആയുധങ്ങളുമായി അവരെ വളഞ്ഞു. എലീഷാ കരങ്ങളുയർത്തി കണ്ണുമൂടിയവരുടെ കണ്ണുകൾ തുറക്കാനായി പ്രാർത്ഥിച്ചു. കണ്ണു തുറക്കപ്പെട്ടവർ തങ്ങളുടെ ചുറ്റിലും നിൽക്കുന്ന ഇസ്രായേൽക്കാരെകണ്ട് ഭയവിഹലരായി. ഇസ്രായേൽക്കാർ അവരെ കൊല്ലാനുള്ള അനുവാദം പ്രവാചകനോടു

ചോദിച്ചു. എന്നാൽ പ്രവാചകൻ അവരോടു സിറിയാക്കാരെ ഭവനങ്ങളിൽ സ്വീകരിക്കാനും ഭക്ഷണം കൊടുക്കാനുമാണ് ആവശ്യപ്പെട്ടത്. തങ്ങൾ ഇല്ലാതാക്കാൻ ആഗ്രഹിക്കുന്ന ജനത്തിന്റെ ഭവനങ്ങളിൽ, അനുതാപ കണ്ണീരോടെ, അവർ വിളമ്പിയ ഭക്ഷണം കഴിച്ച്, അവരുടെ കരങ്ങൾ ചുംബിച്ച് ആയുധങ്ങൾ ഉറയിലാക്കി, ആയിരം യുദ്ധങ്ങൾ ജയിച്ചാൽപ്പോലും കിട്ടാത്ത സന്തോഷത്തോടെ സിറിയക്കാർ മടങ്ങിപ്പോയി. സിറിയക്കാർ പിന്നീട് ഇസ്രായേൽ ദേശം ആക്രമിക്കാൻ വന്നിട്ടില്ല എന്ന് വചനം സാക്ഷിക്കുന്നു (2 രാജ 6 : 8–23).

അപ്പസ്തോല പ്രവർത്തനങ്ങളിൽ ക്രൈസ്തവരെ പീഢിപ്പിക്കാൻ ദമാസ്ക്കസിലേക്കു പുറപ്പെട്ട സാവൂളിനെ ക്രിസ്തു കണ്ടെത്തുന്ന ഭാഗമാണ് നാം വചനവായനയിൽ വായിച്ചത്, അതിനെ സാവൂളിന്റെ മാനസാന്തരം എന്നതിനേക്കാൾ സാവൂളിനുണ്ടായ 'വെളിപാട്' എന്നു വിശേഷിപ്പിക്കുന്നതാണ് എനിക്കിഷ്ടം. വെളിപ്പെടുത്തലുകൾ ലഭിക്കുന്നവന്റെ കാഴ്ചകളും, കാഴ്ചപ്പാടുകളും മാറും. ക്രിസ്തുവിനെ കണ്ടുമുട്ടുന്നതുവരെ തന്റെ മുമ്പിൽ ശത്രുക്കൾ ആയിരുന്നവർ, യഹൂദ നിയമലംഘനത്തിന്റെ വക്താക്കൾ എന്നുവരെ വിശേഷിപ്പിക്കപ്പെട്ടിരുന്നവർ പുതിയ കാഴ്ച ലഭിച്ച പൗലോസിന് സഹോദരൻമാരും പഴയനിയമത്തിന്റെ ലംഘകർ എന്നതിനേക്കാൾ 'സ്നേഹത്തിന്റെ പുതിയകൽപന' ക്രിസ്തുമാർഗ്ഗത്തിലൂടെ തേടി രക്ഷനേടിയവരായി മാറുന്നു. എലീഷ സമരിയാക്കാർക്കു കൊടുത്തതും ഇത്തരത്തിലുള്ള ഒരു 'വെളിപാടാണ്' കാഴ്ചമറിയുന്നതിനുമുമ്പ് ഇല്ലാതാക്കാൻ തങ്ങൾ ആഗ്രഹിച്ചവർ, വീണ്ടും കണ്ണുതുറക്കുന്നത് അവർ തങ്ങളുടെ സഹോദരന്മാരും സഹോദരിമാരും ആണെന്ന കാഴ്ചപ്പാടിലേക്കാണ്. പരി. മാതാവ് ലാസലെറ്റിൽ പ്രത്യക്ഷപ്പെട്ട് പറഞ്ഞതും ഒരു 'വെളിപാട്' ആണ്.

ലാസലെറ്റ് സംഭവത്തെ വെളിപാടാണെന്നു പറഞ്ഞ് ഞാൻ ദൈവശാസ്ത്രം തെറ്റിക്കുകയല്ല, കാരണം അവസാനത്തെ വെളിപാട് ക്രിസ്തുവാണ് എന്നാണ് സഭ പഠിപ്പിക്കുന്നത്. മാതാവിന്റെ ചരിത്രത്തിലെ ഇടപെടലുകളെ 'പ്രത്യക്ഷം' എന്നാണ് സഭ വിശേഷിപ്പിക്കുക. എന്നാൽ കാഴ്ചകളും, കാഴ്ചപ്പാടുകളും മാറുന്ന 'നിമിത്തം' എന്ന തരത്തിലുള്ള വെളിപാടാണെന്നാണ് ഇവിടെ പരാമർശിക്കുന്നത്. ലാസലെറ്റ് സംഭവം ഒരുപാട് പേരുടെ കാഴ്ചകളെയും കാഴ്ചപ്പാടുകളെയും മാറ്റി, ദൈവത്തിൽ നിന്നുള്ള അകൽച്ചയ്ക്ക് അവധികൊടുക്കാനും തിരികെവരാനും പ്രേരണയായി. ദൈവത്തിലാശ്രയിക്കാതിരുന്നവർ ദേവാലയത്തിലേക്കു തിരിയാനും പ്രാർത്ഥിക്കാനും ആരംഭിച്ചു. 'അനുരഞ്ജന കൂദാശ' അർത്ഥമുൾക്കൊണ്ടു നിറവേറ്റാൻ പഠിച്ചു. ലാസലെറ്റ് സന്ദേശം ഉൾകൊണ്ടു അനുരഞ്ജനത്തിന്റെ വക്താക്കളായി പല നാടുകളിലും ലാസലെറ്റ് മാതാവിന്റെ മിഷനറിമാർ സേവനമനുഷ്ഠിക്കുന്നു. യൂറോപ്പിലും സഭ മുഴുവനിലും ചാരം മൂടിക്കിടുന്ന മരിയ ഭക്തിക്ക്, വീണ്ടും തൊടുകുറി ചാർത്തിയത് ലാസലെറ്റിലെ പ്രത്യക്ഷമാണ്. പലപ്പോഴും മൂടപ്പെട്ട കണ്ണുമായി നീ ദൈവത്തിനുനേരെയും സഹോദരനുനേരെയും തൊഴിക്കാൻ കാലുയർത്തുമ്പോൾ ലാസലെറ്റ് വീണ്ടും വെളിപ്പെടുത്തും ''ഇരുമ്പാണിമേൽ തൊഴിക്കുന്നത് നിനക്ക് അപകടമാണ്''.

<u>വിചിന്തനം ചെയ്യാം</u>

ലാസലെറ്റിലെ മാതാവിന്റെ സന്ദേശങ്ങൾ എന്റെ ജീവിതത്തിൽ എന്റെ കാഴ്ചകളെയും കാഴ്ചപ്പാടുകളെയും, മാറ്റിമറിക്കുന്ന 'വെളിപാടായി' മാറിയിട്ടുണ്ടോ?

## കാറോസൂസ

ലീഡർ: നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടി പരി. ലാസലെറ്റ് മാതാവുവഴി കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്ന് പ്രാർത്ഥിക്കാം.

സമൂഹം: കർത്താവേ, പരി. ലാസലെറ്റ് മാതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ലീഡർ: കർത്താവേ, ദൈവമേ, കുരിശിൽ കിടന്നുപ്പോലും ശത്രുക്കളെ സ്നേഹിക്കാൻ പഠിപ്പിച്ച ദൈവമേ. പരസ്പരം സ്നേഹിച്ചും ക്ഷമിച്ചും ജീവിക്കാനും എല്ലാവരെയും ഉൾക്കൊള്ളുവാനും ഞങ്ങളെ പഠിപ്പിക്കണമേ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ,....

ലീഡർ: സ്നേഹപിതാവേ, ക്ഷമിക്കുന്നതിലൂടെ ഞങ്ങൾ പരസ്പരം അനുരഞ്ജനപ്പെടുന്നവരും ദൈവത്തിലേക്കു തിരികെ വരുന്നവരുമാകുവാൻ അനുഗ്രഹിക്കണമേ എന്നും പരി. ലാസലെറ്റ് മാതാവിന്റെ ആഹ്വാനം ഉൾകൊണ്ട് എല്ലാവരുമായും അനുരഞ്ജനപ്പെട്ട് ജീവിക്കാൻ കൃപ നൽകണമേ. എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ....

ലീഡർ: കർത്താവായ ദൈവമേ, പ്രത്യേകമായ വിധം ഞങ്ങളുടെ രാഷ്ട്രീയാധികാരികളെ സമർപ്പിക്കുന്നു. പ്രത്യേകമായി കേരളത്തിൽ തെരഞ്ഞെടുപ്പിലൂടെ വരുന്ന അടുത്ത ഭരണകൂടം ജനനന്മക്കായി പ്രവർത്തിക്കാനും, നാടിന്റെ പുരോഗതിക്കായി പ്രവർത്തിക്കാനും ഇടവരുത്തണമേ. പ്രതിപക്ഷമായി തെരഞ്ഞെടുക്കപ്പെടുന്നവരും ജനനന്മയുടെ പക്ഷത്ത് നിലകൊള്ളാനും പ്രവർത്തിക്കാനും ഇടവരുത്തണമേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ....

ലീഡർ: കർത്താവായ ദൈവമേ, ഉത്ഥിതനായ കർത്താവിന്റെ മഹത്വത്തിലേക്ക് അനുദിനജീവിത സാഹചര്യങ്ങളിൽ ജീവിക്കാനുള്ള കൃപ നൽകണമേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ....

ലീഡർ: നമുക്ക് നിശബ്ദമായി നമ്മുടെ വ്യക്തിപരമായ ആവശ്യങ്ങളും കുടുംബത്തിന്റെ നിയോഗങ്ങളും പരി. ലാസലെറ്റ് മാതാവുവഴി കർത്താവിന്റെ കരങ്ങളിൽ സമർപ്പിക്കാം.

## നമുക്ക് പ്രാർത്ഥിക്കാം:-

കർത്താവായ ദൈവമേ നിന്റെ പരിപാലനത്തെയും സ്നേഹത്തെയും ഓർത്ത് നന്ദി പറയുന്നു. ജീവിത വ്യഗ്രതകളിലും താളപിഴകളിലും കണ്ണു മൂടപ്പെട്ടവരായി നിനക്കെതിരെ നിൽക്കുമ്പോൾ, ഇരുമ്പാണിയിൽ തൊഴിക്കുന്നവരാണെന്ന സത്യം ഞങ്ങൾ തിരിച്ചറിയുന്നു. തെറ്റുപറ്റുമ്പോഴും തിരുത്താൻ ഒരായിരം അവസരങ്ങൾ തരുന്ന നിന്റെ സ്നേഹത്തെ തിരിച്ചറിയാനും, അധികം താമസിക്കാതെ തന്നെ നിന്നിലേക്കു തിരിച്ചു നടക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. ജീവിതത്തിൽ, മൂടപ്പെട്ട മിഴികളെ തുറന്ന് യഥാർത്ഥ സത്യത്തിലേക്കും കാഴ്ചപ്പാടിലേക്കും വളരാൻ പഠിപ്പിക്കണമേ. ലാസലെറ്റിലെ അമ്മയുടെ വെളിപ്പെടുത്തലുകൾ എന്റെ വ്യക്തിപരമായ ജീവിതത്തിലും കുടുംബത്തിലും കാഴ്ചകളും കാഴ്ചപ്പാടുകളും മാറ്റുവാൻ ഇടവരുത്തണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും

ആമ്മേൻ

പരി. ലാസലെറ്റ് മാതാവേ....... ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

മാർ യൗസേപ്പിതാവേ................. ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

<u>സമാപനഗാനം</u>

എത്രയും ദയയുള്ള മാതാവേ ..........

തയ്യാറാക്കിയത്:
ലാസലെറ്റ് സന്യാസ സമൂഹത്തിന് വേണ്ടി
ഫാ. ബിബിൻ പാറേക്കുന്നേൽ MS

facebook page: La Salette Mathavu